# തിരുവിതാംകൂർ ദേവസ്വം ബോർഡ്

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

### സംഗ്രഹം

നെയ്യാറ്റിൻകര ഗ്രൂപ്പ് - വീരണകാവ് ദേവസ്വം ഉപദേശക സമിതിയുടെ നിരന്തരമായ ബൈലാവിരുദ്ധ പ്രവർത്തനങ്ങൾ പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ആർ.ഒ.സി.1975/19/എൻ.എസ്.1 തീയതി:29/09/2023

---

പരാമർശം:-
1) 30/11/2011 ലെ ആർ.ഒ.സി.1809/09/എൻ.എസ്.നമ്പർ ബോർഡ് വിജ്ഞാപനം
2) നെയ്യാറ്റിൻകര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 05/08/2021 ലെ റിപ്പോർട്ട് നം.1287
3) 19/09/22 ലെ ഈ ആഫീസിലെ മേൽ നമ്പർ ഉത്തരവ്
4) നെയ്യാറ്റിൻകര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 13/04/2023 ലെ റിപ്പോർട്ട് നം. 87
5) 06/05/2023 ൽ ഈ ആഫീസിൽ നിന്നും ശ്രീ.ബിജു.ആർ.എസ്, ശ്രീ.ആർ.മുരുകൻ നായർ, ശ്രീ.അനീഷ്.എ.എം എന്നിവർക്ക് നൽകിയ കാരണം കാണിക്കൽ നോട്ടീസ്
6) ശ്രീ.ബിജു.ആർ.എസ്, ശ്രീ.ആർ.മുരുകൻ നായർ, ശ്രീ.അനീഷ്.എ.എം എന്നിവരുടെ 23/05/2023 ലെ സമാധാനം
7) വീരണകാവ് ശ്രീധർമ്മശാസ്താ ക്ഷേത്രം വിശ്വാസികളും, ഭക്തജന ങ്ങളുമായ ശ്രീമതി.നിഷ.എം.ജി മുതൽ 31 പേർ സമർപ്പിച്ചതും, 24/05/2023 ന് ഈ ആഫീസിൽ ലഭിച്ചതുമായ പരാതി
8) വീരണകാവ് ശ്രീധർമ്മശാസ്താ ക്ഷേത്രപരിസരത്ത് താമസിക്കുന്നവരും, ക്ഷേത്രത്തിൽ നിത്യസന്ദർശകരായ ഭക്തജനങ്ങളുമായ ശ്രീമതി.സുലോചന അമ്മ മുതൽ 11 പേർ സമർപ്പിച്ചതും, 25/05/2023 ന് ഈ ആഫീസിൽ ലഭിച്ചതുമായ പരാതി
9) നെയ്യാറ്റിൻകര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 24/06/2023 ലെ റിപ്പോർട്ട് നം644
10) നെയ്യാറ്റിൻകര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 08/09/2023 ലെ റിപ്പോർട്ട് നം 1932

## ഉത്തരവ്

നെയ്യാറ്റിൻകര ഗ്രൂപ്പിലെ വീരണകാവ് സബ്ഗ്രൂപ്പിൽപ്പെട്ട വീരണകാവ് ദേവസ്വ ത്തിൽ സൂചന 1 ലെ വിജ്ഞാപനത്തിലെ നിബന്ധന പ്രകാരം ഉപദേശക സമിതിയെ തെരഞ്ഞെടുക്കുകയും, പ്രസ്തുത ഉപദേശക സമിതിയ്ക്ക് സൂചന 3 ഉത്തരവ് പ്രകാരം അംഗീകാരം നൽകുകയും ചെയ്തു. ടി ദേവസ്വത്തിൽ തന്നാണ്ടത്തെ തിരു-ഉത്സവത്തിന്റെ ഭാഗമായി ഈ ആഫീസിലെ 04/04/2023 ലെ ആർ.ഒ.സി.17480/20/പി.ആർ നമ്പർ ഉത്തരവ് പ്രകാരം ടി ദേവസ്വത്തിലെ ആറാട്ടും, കൊടിയിറക്കും, മുൻവർഷങ്ങളിലെ പോലെ നടത്തണ

മെന്ന ഉത്തരവിനെ എതിർത്തുകൊണ്ട് ടി ദേവസ്വം ഉപദേശക സമിതി അംഗങ്ങൾ 04/04/2023 ന് ഉത്സവത്തിനോടനുബന്ധിച്ച് പള്ളിവേട്ടയ്ക്ക് ഇറങ്ങുന്നത് തടയുകയും, ശാന്തിക്കാരെയും, മറ്റ് ജീവനക്കാരെയും കൈയ്യേറ്റം ചെയ്യാൻ ശ്രമിക്കുകയും, ക്ഷേത്രത്തിന്റെ ഗേറ്റ് അടയ്ക്കുകയും, അസഭ്യ വാക്കുകൾ പ്രയോഗിക്കുകയും ഏകദേശം മുക്കാൽ മണിക്കൂറോളം ക്ഷേത്രാങ്കണത്തിൽ സംഘർഷാവസ്ഥ സൃഷ്ടിച്ച ടി ദേവസ്വം ഉപദേശക സമിതിയുടെ ധിക്കാരപരവും, നിയമ വിരുദ്ധവുമായ പ്രവൃത്തികൾ ഡിപ്പാർട്ട്മെന്റിന്റെ സൽപേരിനും യശസ്സിനും കളങ്കം ചാർത്തുന്നതാകയാൽ ടി ഉപദേശക സമിതിയ്ക്കെതിരെ അടിയന്തിരത്തിൽ നടപടി സ്വീകരിക്കുന്നതിലേയ്ക്കായി നെയ്യാറ്റിൻകര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചു (സൂചന 4).

ക്ഷേത്രാങ്കണത്തിൽ സംഘർഷാവസ്ഥ സൃഷ്ടിച്ച് ദേവസ്വം ഉദ്യോഗസ്ഥരുടെ കൃത്യനിർവ്വഹണം തടസ്സപ്പെടുത്തിയ ഉപദേശക സമിതി അംഗങ്ങളുടെ നടപടി ന്യായീകരിക്കത്തക്കതല്ലാത്തതിനാലും, ഗുരുതരമായ ബൈല വിരുദ്ധ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതായി ലഭിച്ച മഹസ്സറിന്റെയും റിപ്പോർട്ടുകളുടയും അടിസ്ഥാനത്തിൽ പ്രഥമദൃഷ്ട്യ ബോദ്ധ്യപ്പെട്ടിരുന്നു. തുടർന്ന്, ടി ദേവസ്വം ഉപദേശക സമിതി പ്രസിഡന്റ് ശ്രീ.ബിജു.ആർ.എസ്, വൈസ് പ്രസിഡന്റ് ശ്രീ.മുരുകൻ നായർ, സെക്രട്ടറി ശ്രീ.അനീഷ്.എ.എം, എന്നിവരെ തെര്യപ്പെടുത്തി നോട്ടീസ് നൽകി (സൂചന 5).

വീരണകാവ് ദേവസ്വം ഉപദേശക സമിതിയ്ക്ക് ഈ ആഫീസിൽ നിന്നും നൽകിയ കാരണം കാണിക്കൽ നോട്ടീസിന്റെ സമാധാനം സൂചന 6 പ്രകാരം ലഭിച്ചു. കാരണം കാണിക്കൽ നോട്ടീസിന് ഉപദേശക സമിതി അംഗങ്ങൾ നൽകിയ സമാധാനം ഉൾപ്പെടെ നെയ്യാറ്റിൻകര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് സൂചന 9 പ്രകാരം ലഭിച്ചു.

ടി ദേവസ്വം ആചാരങ്ങളിലും, അനുഷ്ഠാനങ്ങളിലും വിശ്വാസമില്ലാത്തതും, നിരന്തരമായി ബോർഡിനെതിരെ കേസ്സുകൾ കൊടുക്കുന്നവരും, ഭഗവാന്റെ പേരിൽ കാശ് കൈക്കലാക്കുന്നവർ ഉൾപ്പെടുന്നതുമായ ഉപദേശക സമിതിയെ പിരിച്ചുവിടണമെന്ന് അപേക്ഷിച്ച് വീരണകാവ് ശ്രീധർമ്മശാസ്താ ക്ഷേത്ര വിശ്വാസികളും, ഭക്തജനങ്ങളും ബോധിപ്പിച്ച പരാതി ലഭിച്ചു (സൂചന 7, 8).

ടി സംഗതി സംബന്ധിച്ച് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ചു.

ടിയാന്മാർ നൽകിയ സമാധാനത്തിൽ തൃക്കൊടി ഇറക്ക് വൈകുന്നേരം ആക്കിയത് തന്ത്രി കാര്യ കാരണ സഹിതം നിർദ്ദേശിച്ച പ്രകാരമാണെന്നും, നെയ്യാറ്റിൻകര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറും, വീരണകാവ് സബ്ഗ്രൂപ്പാഫീസറും അംഗീകരിച്ചത് പ്രകാരമാണ് നോട്ടീസ് അച്ചടിച്ചതെന്നാണ് വിവരിച്ചിട്ടുള്ളത്. എന്നാൽ ഇത് വാസ്തവ വിരുദ്ധമാണെന്ന് നെയ്യാറ്റിൻകര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതാണ്. ദേവസ്വം ബോർഡിനെ ക്ഷേത്രകാര്യങ്ങളിൽ സഹായിക്കുക എന്ന ചുമതലയുള്ള ഉപദേശക സമിതി ദേവസ്വം സബ്ഗ്രൂപ്പാഫീസർ മുഖാന്തിരം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർക്ക് രേഖാമൂലം അറിയിപ്പ് നൽകി വേണം, തന്ത്രിയിൽ നിന്നും കൊടിയിറക്ക് സമയത്തിന് പതിവിൽ നിന്നും മാറ്റം വരുത്തണമെങ്കിൽ അനുവാദം വാങ്ങണമെന്നിരിക്കെ ടി ഉപദേശക സമിതി ദേവസ്വം ഉദ്യോഗസ്ഥരെ രേഖാമൂലം അറിയിക്കാതെ ദേവസ്വം തന്ത്രിയെ നേരിട്ട്

ഫോണിൽ ബന്ധപ്പെട്ട് സ്വന്തം നിലയ്ക്ക് കൊടിയിറക്ക് സമയത്തിൽ മാറ്റം വരുത്തുവാൻ വാക്കാൽ അനുവാദം വാങ്ങിയിട്ടുള്ളതായിട്ടാണ് അന്വേഷണത്തിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതായി അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതാണ്. നെയ്യാറ്റിൻകര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറാഫീസിൽ നിന്നും കൊടിയിറക്ക് സമയ ക്രമീകരണവുമായി ബന്ധപ്പെട്ട് തന്ത്രിയുടെ അഭിപ്രായം ആരാഞ്ഞുകൊണ്ട് കത്ത് നൽകിയിട്ടില്ലാത്തതും, ആയതിനാൽ, ദേവസ്വം തന്ത്രിയുടെ പക്കൽ നിന്നും കൊടിയിറക്ക് സമയം ക്രമീകരിക്കുന്നത് സംബന്ധിച്ച് യാതൊരു അറിയിപ്പും ലഭിച്ചിട്ടില്ലാത്തതായും, ദേവസ്വം ഉദ്യോഗസ്ഥരുടെ അനുവാദത്തോടെ അല്ലാതെ ദേവസ്വം ഉപദേശക സമിതി കൊടിയിറക്ക് സമയം ക്രമീകരിച്ചതും, നോട്ടീസിൽ പ്രസിദ്ധീകരിച്ചതും, ടി നോട്ടീസിൽ ഉപദേശക സമിതി വളരെ വ്യക്തമായി അവർ തന്നെയാണ് പള്ളിവേട്ടയ്ക്കും, തൃക്കൊടിയിറക്കിനും സമയം ക്രമീകരിച്ചിരിക്കുന്നതായി പ്രിന്റ് ചെയ്തിട്ടുള്ളതായും, കൂടാതെ ടി സമാധാനത്തിൽ ദേവസ്വം തന്ത്രിയുടെ ആണോ, അതോ സബ്ഗ്രൂപ്പാഫീസറുടെ നിർദ്ദേശമാണോ പൂജാകാര്യങ്ങളിലും ക്ഷേത്രചടങ്ങുകളിലും അനുസരിക്കേണ്ടതെന്ന് പരിഹാസ രൂപേണ ചോദിച്ചിട്ടുള്ളതായും, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ടിൽ തുടർന്ന് വിവരിച്ചിട്ടുള്ളതാണ്.

വീരണകാവ് ദേവസ്വം ഉപദേശക സമിതി അംഗങ്ങൾ ടി ദേവസ്വം കഴകം ശ്രീ.മണികണ്ഠൻ, പഞ്ചവാദ്യം ശ്രീ.പ്രവീൺ, ശാന്തി ശ്രീ.മുരുകേശ് കുമാർ, തളി ശ്രീമതി.രമണി എന്നിവരെ മാനസികമായും, ശാരീരികമായും ആക്രമിക്കാൻ ശ്രമിക്കുന്നതായും, നിരന്തരം ടി ജീവനക്കാർക്കെതിരെ മേലാഫീസിലേയ്ക്ക് വ്യാജപരാതികൾ നൽകുന്നതായും, ആകയാൽ, ടി ഉപദേശക സമിതിക്കെതിരെ നടപടി എടുക്കണമെന്ന് കാണിച്ച് ടി ജീവനക്കാർ അപേക്ഷ ഹാജരാക്കിയിട്ടുള്ളതായി വിവരിച്ചുള്ള നെയ്യാറ്റിൻകര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചു (സൂചന 10).

നെയ്യാറ്റിൻകര ഗ്രൂപ്പിലെ വീരണകാവ് ദേവസ്വത്തിൽ (സൂചന 3) ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുള്ള ഉപദേശക സമിതി നിരന്തരമായി ഡിപ്പാർട്ട്മെന്റ് താൽപ്പര്യങ്ങൾക്ക് വിരുദ്ധമായാണ് പ്രവർത്തിച്ചുവരുന്നത്. ക്ഷേത്രങ്ങളിൽ ഉത്സവാദി അടിയന്തിരങ്ങൾ, മറ്റ് ക്ഷേമ പ്രവർത്തനങ്ങൾ എന്നിവ നടത്തുന്നതിന് ദേവസ്വം ബോർഡിന് സഹായകരമായി പ്രവർത്തിക്കേണ്ട വീരണകാവ് ദേവസ്വം ഉപദേശക സമിതിയിൽ നിന്നും പലപ്പോഴായി ദേവസ്വം വിരുദ്ധ പ്രവർത്തനങ്ങൾ ഉണ്ടായിട്ടുള്ളതായി വ്യക്തമായിട്ടുള്ളതാണ്. ക്ഷേത്രാചാരങ്ങൾക്ക് എതിരെ പ്രവർത്തിക്കുക, ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരുടെയും, ജീവനക്കാരുടെയും കൃത്യനിർവ്വഹണത്തിൽ തടസ്സം സൃഷ്ടിക്കുക, ദേവസ്വം ജീവനക്കാരെ ശാരീരികമായും മാനസികമായും ആക്രമിക്കാൻ ശ്രമിക്കുക, നിരന്തരം ടി ജീവനക്കാർക്കെതിരെ മേലാഫീസിലേയ്ക്ക് വ്യാജപരാതികൾ നൽകുക തുടങ്ങിയ ഗുരുതരമായ ബൈലാ വിരുദ്ധ നടപടികളാണ് ടി ഉപദേശക സമിതിയിൽ നിന്നും ഉണ്ടായിട്ടുള്ളത്.

തിരുവിതാംകൂർ കൊച്ചിൻ ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻ നിയമത്തിലെ വകുപ്പ് 31 പ്രകാരം ദേവസ്വം വസ്തു വകകളും, ദേവസ്വത്തിന്റെ പൂജകളും ആഘോഷങ്ങളും, ഉത്സവങ്ങളും എല്ലാം തന്നെ നടത്തുന്നതിന് ദേവസ്വം ബോർഡിന് മാത്രമേ അധികാരമുള്ളൂ. സാഹചര്യം ഇതായിരിക്കെ ദേവസ്വം ബോർഡിന്റെ അനുമതി ഇല്ലാതെ കൊടിയിറക്ക് സമയം മാറ്റുന്നതിന് തീരുമാനം എടുത്ത ഉപദേശക സമിതിയുടെ പ്രവൃത്തി കടുത്ത നിയമ

ലംഘനമാണ്. ഉപദേശക സമിതിയുടെ ഇത്തരം നിയമ ലംഘനങ്ങൾ അംഗീകരിക്കുവാൻ ദേവസ്വം ബോർഡിനാവില്ല. സൂചന 1 ബൈലയിലെ നിബന്ധന 2, 9, 18 എന്നിവയുടെ നഗ്ന മായ ലംഘനം നടത്തിയിട്ടുള്ളതായി ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ ബഹു:ഹൈക്കോടതി അംഗീക രിച്ച സൂചന 1 ലെ വിജ്ഞാപനം പ്രകാരം നിർണ്ണയിച്ചിട്ടുള്ള ദേവസ്വം ബോർഡിന്റെ അധി കാര അവകാശങ്ങൾ (നിബന്ധന 12) വിനിയോഗിച്ച് ചുവടെ വിവരിക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

നെയ്യാറ്റിൻകര ഗ്രൂപ്പിലെ വീരണകാവ് സബ്ഗ്രൂപ്പിൽപ്പെട്ട വീരണകാവ് ദേവസ്വത്തിൽ തെരഞ്ഞെടുത്ത് സൂചന 3 ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുള്ള ഉപദേ ശക സമിതിയെ പിരിച്ച് വിട്ട് ഉത്തരവാകുന്നു. ടി ഉപദേശക സമിതിയുടെ നാളിതുവ രെയുള്ള വരവ് ചെലവ് കണക്കുകൾ രണ്ടാഴ്ചയ്ക്കുള്ളിൽ ആഡിറ്റിന് വിധേയമാക്കു ന്നതിലേയ്ക്കായി ബന്ധപ്പെട്ട് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസിൽ ഹാജരാ ക്കേണ്ടതാണ്. യഥാസമയം വരവ്-ചെലവ് കണക്ക് സമർപ്പിച്ചില്ലെങ്കിൽ പിരിച്ചു വിട്ട ഉപദേശക സമിതിയിലെ അംഗങ്ങളെ രജിസ്ട്രേർഡ് മണ്ഡലത്തിൽ നിന്നും ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതു വരെ ഒഴിവാക്കുന്നതും ടിയാന്മാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതുമാണ്.

ഒപ്പ്
ദേവസ്വം കമ്മീഷണർ

പകർപ്പ്:-
1) സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)
2) ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, തിരുവനന്തപുരം
3) അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, നെയ്യാറ്റിൻകര
4) വീരണകാവ് ഉപദേശക സമിതി (അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ മുഖാന്തിരം)
5) ഐ.റ്റി.സെക്ഷൻ
6) സെക്ഷൻ ഫയൽ

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(പി&എസ്.ജി.ആർ.സി)

Jyo.13/09